ഹദീസ്

ഡോ.കെ.മുഹമ്മദ്, പാണ്ടിക്കാട്

# ഹതഭാഗ്യരായ മൂന്നാളുകൾ

عن أبي هريرة (ر) قال: قال رسول الله صلى الله عليه وسلم : رغِمَ أَنْفُ رجلٍ ذُكِرتُ عندَهُ فلم يصلِّ عليَّ ، ورَغِمَ أنفُ رجلٍ دخلَ علَيهِ رمضانُ ثمَّ انسلخَ قبلَ أن يُغفَرَ لَهُ ، ورغَمَ أنفُ رجلٍ أدرَكَ عندَهُ أبواهُ الكبرَ فلم يُدْخِلاهُ الجَنَّةَ - مسلم

**അബൂഹുറയ്റ(റ)യിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ അരുളി: ''അവൻ നിന്ദ്യനും പതിതനുമായിത്തീരട്ടെ, അവന്റെയടുക്കൽ ഞാൻ സ്മരിക്കപ്പെട്ടു; പക്ഷേ, അവൻ എനിക്ക് സ്വലാത്ത് ചൊല്ലിയില്ല. അവൻ നിന്ദ്യനും പതിതനുമായിത്തീരട്ടെ, അവന്റെയടുക്കൽ റമദാനെത്തി. പക്ഷേ, അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതിന് മുമ്പ് തന്നെ അത് അവനോട് വിട പറഞ്ഞു. അവൻ നിന്ദ്യനും പതിതനുമായിത്തീരട്ടെ, അവന്റെയടുക്കൽ പ്രായമായ മാതാപിതാക്കളുണ്ടായിരുന്നു. പക്ഷേ, അവർ രണ്ട് പേരും അവനെ സ്വർഗത്തിലേക്ക് എത്തിച്ചില്ല'' (മുസ്‌ലിം).**

അവസരങ്ങൾ പ്രയോജനപ്പെടുത്താത്ത മൂന്ന് വിഭാഗം ആളുകളെ നിശിതമായി വിമർശിക്കുകയാണ് ഈ ഹദീസിൽ. അല്ലാഹുവിന്റെ ദൂതന്റെ നാമം ഉച്ചരിക്കപ്പെടുമ്പോൾ സ്വലാത്ത് ചൊല്ലാത്ത ഹതഭാഗ്യരെയാണ് ആദ്യം പരാജിതരും നിന്ദ്യരുമെന്ന് പറഞ്ഞത്. അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാനും പാപങ്ങൾ കഴുകിക്കളയാനും ഏറ്റവും നല്ല അവസരമായ പരിശുദ്ധ റമദാനിന്റെ ദിനരാത്രങ്ങളെ പ്രയോജനപ്പെടുത്താത്ത നിർഭാഗ്യവാന്മാരാണ് രണ്ടാമത്തെ വിഭാഗം. മാതാപിതാക്കളെ പരിപാലിക്കാനുള്ള അവസരം കൈവന്നിട്ട് അതുപയോഗപ്പെടുത്താത്ത ഭാഗ്യഹീനരെക്കുറിച്ചാണ് മൂന്നാമത് പറയുന്നത്.

ഇതേ ആശയം ഉൾക്കൊള്ളുന്ന മറ്റൊരു ഹദീസ് ഇമാം ത്വബ്റാനി ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: ''അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'ജിബ്‌രീൽ (അ) എന്നോട് പറഞ്ഞു: മുഹമ്മദേ... ആർക്കെങ്കിലും തന്റെ പ്രായമായ മാതാപിതാക്കളിൽ ഒരാളെ ലഭിച്ചിട്ടും മരണശേഷം നരകത്തിൽ പ്രവേശിച്ചാൽ അവനെ അല്ലാഹു അകറ്റി നിർത്തട്ടെ. താങ്കൾ ആമീൻ പറയുക.' ഞാൻ ആമീൻ പറഞ്ഞു.

ജിബ്‌രീൽ (അ) വീണ്ടും പറഞ്ഞു: 'മുഹമ്മദേ... ആർക്കെങ്കിലും റമദാൻ മാസത്തെ ലഭിച്ചിട്ട് പാപങ്ങൾ പൊറുക്കപ്പെടാതെ മരണശേഷം അയാൾ നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ടാൽ അവനെ അല്ലാഹു അകറ്റി നിർത്തട്ടെ. താങ്കൾ ആമീൻ പറയുക.' ഞാൻ ആമീൻ പറഞ്ഞു.

ജിബ്‌രീൽ (അ) തുടർന്നു. 'ആരുടെയെങ്കിലുമടുത്ത് താങ്കളെ സ്മരിക്കപ്പെട്ടു. പക്ഷേ അവൻ താങ്കൾക്ക് സ്വലാത്ത് ചൊല്ലിയില്ല. മരണശേഷം അവൻ നരകത്തിൽ പ്രവേശിച്ചാൽ അവനെ അല്ലാഹു അകറ്റി നിർത്തട്ടെ. താങ്കൾ ആമീൻ പറയുക.' ഞാൻ ആമീൻ പറഞ്ഞു.''

നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ വിശുദ്ധ ഖുർആൻ ഇപ്രകാരം ആജ്ഞാപിക്കുന്നുണ്ട്: ''അല്ലാഹുവും മലക്കുകളും പ്രവാചകന് സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങളും നബിക്ക് സ്വലാത്തും സലാമും ചൊല്ലുക'' (33:56). അനസുബ്നു മാലികി(റ)ൽ നിന്ന്: നബി(സ) പറഞ്ഞു: ''എനിക്കാരെങ്കിലും ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനായി പത്ത് സ്വലാത്തുകൾ ചൊല്ലും. അവന്റെ പത്ത് പാപങ്ങൾ പൊറുത്ത് കൊടുക്കും'' (ഇബ്നു ഹിബ്ബാൻ).

മറ്റൊരിക്കൽ തിരു റസൂൽ (സ) പറഞ്ഞു: ''എല്ലാ പ്രാർഥനകളും നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നത് വരെ തടയപ്പെടുന്നതാണ്'' (അൽ അൽബാനി, സിൽസിലതു അസ്സഹീഹ്). ഇബ്നു മസ്ഊദിൽ (റ) നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: ''അന്ത്യദിനത്തിൽ എന്നോട് ഏറ്റവും അടുത്തുണ്ടാവുക എനിക്ക് വേണ്ടി കൂടുതൽ സ്വലാത്ത് ചൊല്ലുന്നവരായിരിക്കും'' (അബൂദാവൂദ്).

രണ്ടാമതായി പ്രവാചകൻ (സ) കഠിനമായി അധിക്ഷേപിക്കുന്നത് പാപങ്ങൾ പൊറുക്കപ്പെടാത്ത അവസ്ഥയിൽ റമദാനിനോട് വിട പറയുന്നവനെയാണ്. പാപമോചനത്തിന്റെയും പശ്ചാത്താപത്തിന്റെയും മാസമാണ് റമദാൻ. നബി (സ) പറഞ്ഞു: ''ആരെങ്കിലും വിശ്വാസത്തോടെ, പ്രതിഫലം ആഗ്രഹിച്ച് റമദാനിൽ നോമ്പനുഷ്ഠിച്ചാൽ അവൻ മുമ്പ് ചെയ്ത എല്ലാ പാപങ്ങളും പൊറുക്കപ്പെടും'' (ബുഖാരി).

മറ്റൊരു ഹദീസിൽ ഇപ്രകാരം: അബൂഹുറയ്റ(റ)യിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: ''അഞ്ച് നമസ്കാരങ്ങൾ, ഒരു ജുമുഅ മുതൽ മറ്റൊരു ജുമുഅ വരെ, റമദാൻ മുതൽ റമദാൻ വരെ. ഇവക്കിടയിലുള്ള തെറ്റുകളെല്ലാം പൊറുക്കപ്പെടുന്നതാണ്. വൻ പാപങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ'' (മുസ്‌ലിം).

മാതാപിതാക്കളോടുള്ള കടപ്പാടുകളെക്കുറിച്ചാണ് മൂന്നാമത്തെ പരാമർശം. വിശുദ്ധ ഖുർആനും ഹദീസും ധാരാളം വിവരിച്ചതാണ് മാതാപിതാക്കളോടുള്ള മക്കളുടെ ബാധ്യതകൾ.

അല്ലാഹു പറഞ്ഞു: ''നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനിൽ ഒന്നിനെയും പങ്കു ചേർക്കാതിരിക്കുക. മാതാപിതാക്കളോട് നന്നായി വർത്തിക്കുക'' (4:36).

അവരുടെ മനസ്സിനെ പ്രയാസപ്പെടുത്തുന്ന യാതൊന്നും മക്കളിൽ നിന്നും ഉണ്ടാവരുതെന്ന് അല്ലാഹു കണിശമായി നിർദേശിച്ചു: ''നിന്റെ നാഥൻ വിധിച്ചിരിക്കുന്നു: നിങ്ങൾ അവനെയല്ലാതെ വഴിപ്പെടരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യു

ക. അവരിൽ ഒരാളോ രണ്ടുപേരുമോ വാർധക്യം ബാധിച്ച് നിന്നോടൊപ്പമുണ്ടെങ്കിൽ അവരോട് 'ഛെ' എന്നുപോലും പറയരുത്. പരുഷമായി സംസാരിക്കരുത്. ഇരുവരോടും ആദരവോടെ സംസാരിക്കുക'' (17:23).

അല്ലാഹുവിന് നന്ദി ചെയ്യുന്നതിനോടൊപ്പമാണ് മാതാപിതാക്കളോട് നന്ദികാണിക്കണമെന്ന് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. മാതാവിനോടുള്ള ബാധ്യത ഏറെ മുൻഗണന അർഹിക്കുന്നതായും റസൂൽ ഉണർത്തി.

അബൂ ഹുറയ്റ (റ) പറയുന്നു: ഒരാൾ അല്ലാഹുവിന്റെ റസൂലിന്റെ അടുത്ത് വന്ന് ചോദിച്ചു: 'എന്റെ സഹവാസത്തിന് ഏറെ അനുയോജ്യമായത് ആരാണ്?'

'നിന്റെ മാതാവ്.'

'പിന്നെ ആരാണ്?'

'നിന്റെ മാതാവ്.'

'പിന്നെ ആരാണ്?'

'നിന്റെ മാതാവ്.'

'പിന്നെ ആരാണ്?'

'നിന്റെ പിതാവ്' (ബുഖാരി, മുസ്‌ലിം).

പിതാവിനോടുള്ള ബാധ്യതകളും ഒട്ടും കുറവല്ലെന്ന് തിരുദൂതർ ഉണർത്തി. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: ''പിതാവിന്റെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തി. പിതാവിന്റെ കോപത്തിലാണ് അല്ലാഹുവിന്റെ കോപം'' (തിർമിദി).

മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നതിന് ജിഹാദിനേക്കാൾ മഹത്വമുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നു: ''ഞാൻ നബി(സ)യോട് ചോദിച്ചു: 'ഏത് കർമമാണ് അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളത്?' നബി (സ) പറഞ്ഞു: 'നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കുക.'

'പിന്നെ ഏതാണ്?'

'മാതാപിതാക്കൾക്ക് നന്മ ചെയ്യുക.'

'പിന്നെ ഏതാണ്?'

'അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക'' (ബുഖാരി).

ഒരാൾ നബി(സ)യുടെ അടുക്കൽ വന്ന് ജിഹാദിനായി അനുവാദം ചോദിച്ചു. നബി (സ) ചോദിച്ചു: ''നിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ?''

അയാൾ പറഞ്ഞു: ''അതെ.''

നബി (സ) പറഞ്ഞു: ''എങ്കിൽ അവർക്കായി ജിഹാദ് ചെയ്യുക'' (മുസ്‌ലിം).

മാതാപിതാക്കളോട് നന്ദികേട് കാണിക്കുന്നവർക്ക് ഈ ലോകത്ത് വെച്ച് തന്നെ അതിന്റെ ശിക്ഷ നൽകപ്പെടുമെന്ന് റസൂൽ മുന്നറിയിപ്പ് നൽകുന്നു: ''രണ്ട് കാര്യങ്ങൾക്ക് ഇഹത്തിൽ വെച്ച് തന്നെ അല്ലാഹു കഠിനമായി ശിക്ഷിക്കും: അതിക്രമം നടത്തുക. മാതാപിതാക്കളെ ഉപദ്രവിക്കുക'' (ബുഖാരി).

മാതാപിതാക്കളോടുള്ള ബന്ധം വിഛേദിക്കുന്നവരുടെ മുഖത്തേക്ക് പോലും അല്ലാഹു നോക്കുകയില്ല. റസൂൽ (സ) പറഞ്ഞു: ''മൂന്നാളുകൾ സ്വർഗത്തിൽ പ്രവേശിക്കുകയോ അന്ത്യദിനത്തിൽ അല്ലാഹു അവരെ നോക്കുകയോ ചെയ്യുകയില്ല. മാതാപിതാക്കളെ ശല്യം ചെയ്യുന്നവൻ. പുരുഷവേഷം ധരിക്കുന്നവൾ. കൂട്ടിക്കൊടുപ്പുകാരനായ ഭർത്താവ്'' (അഹ്മദ്, നസാഈ).

മക്കൾക്കെതിരെയുള്ള മാതാപിതാക്കളുടെ പ്രാർഥന അല്ലാഹു തള്ളിക്കളയുകയില്ല. ''മൂന്ന് പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നവയാണ്. അതിൽ യാതൊരു സംശയവുമില്ല. മർദിതന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന, മകനെതിരെയുള്ള പിതാവിന്റെ പ്രാർഥന'' (അഹ്മദ്).

പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലുക, റമദാൻ മാസത്തിൽ ഇസ്തിഗ്ഫാർ നടത്തുക, മാതാപിതാക്കൾക്ക് നന്മ ചെയ്യുക എന്നീ പുണ്യകർമങ്ങൾക്കുള്ള അവസരങ്ങൾ നന്നായി ഉപയോഗപ്പെടുത്തണമെന്നും അവ പാഴാക്കുന്നതിലൂടെ ഇരുലോകത്തും വലിയ നഷ്ടമാണുണ്ടാവുക എന്നുമാണ് ഹദീസ് നൽകുന്ന പാഠം. ●